ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:20.10.2025**

## പ്രധാനവാർത്തകൾ

1. നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ തിരുവനന്തപുരത്തെത്തും; ശബരിമല ദർശനം മറ്റെന്നാൾ; സുരക്ഷ ശക്തമാക്കി.

2. രാജ്യം ദീപാവലി ആഘോഷത്തിൽ; ഐ എൻ എസ് വിക്രാന്തിൽ നാവികസേനയ്ക്കൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

3. സംസ്ഥാന സ്കൂൾ കായിക മാമാങ്കത്തിന് നാളെ തലസ്ഥാന നഗരിയിൽ തിരി തെളിയും; ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

4. സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത; എറണാകുളം, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത ; കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

5. വനിതാ ഏകദിന ലോകകപ്പിൽ ഇന്ന് ശ്രീലങ്ക ബംഗ്ലാദേശിനെ നേരിടും.

&&&&&&&&&&&&&&&&

<u>പ്രധാനമന്ത്രി- ദീപാവലി-ഇൻട്രോ</u>

PNUTVPM

ഇന്ത്യൻ നാവിക സേനയ്ക്കൊപ്പം ദീപാവലി ആഘോഷിച്ച് - പ്രധാനമന്ത്രി നരേന്ദ്രമോദി. ഗോവയിൽ കാർവാർ തീരത്ത് ഐഎൻഎസ് വിക്രാന്തിൽ നാവിക സേനാഗംങ്ങളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു. ഐഎൻഎസ് വിക്രാന്ത് യുദ്ധകപ്പൽ മാത്രമല്ല സ്വയംപര്യാപ്ത ഇന്ത്യയുടേയും, മേക്ക് ഇൻ ഇന്ത്യയുടെയും പ്രതീകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. മൂന്ന് സേനകളുടേയും മികച്ച ഏകോപനമാണ് ഓപ്പറേഷൻ സിന്ദൂരിൻറെ വിജയമെന്നും ശ്രീ മോദി വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

പ്രധാനമന്ത്രിയായി ചുമതലയേറ്റതു മുതൽ എല്ലാ വർഷവും സൈനികർക്കൊപ്പമാണ് ശ്രീ നരേന്ദ്രമോദി ദീപാവലി ആഘോഷിക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ജനങ്ങൾക്ക് ദീപാവലി ആശംസകൾ നേർന്നു. ദീപാവലിയോടനുബന്ധിച്ചു രാജ്യമെമ്പാടും വിവിധ ആഘോഷപരിപാടികളാണ് നടക്കുന്നത്.

&&&&&&&&&&&&&&&&

<u>രാഷ്ട്രപതി കേരളാ സന്ദർശനം</u>

നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ തിരുവനന്തപുരത്തെത്തും. മറ്റെന്നാൾ രാഷ്ട്രപതി ശബരിമല ദർശനം നടത്തും. 23-ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ ശ്രീമതി മുർമു

PNU TVPM

അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിലും ശ്രീമതി മുർമു പങ്കെടുക്കും.

**&&&&&&&&&&&&&&&&**

<u>രാഷ്ട്രപതി ശബരിമല സന്ദർശനം- ഇൻട്രോ</u>

രാഷ്ട്രപതിയുടെ ശബരിമല സന്ദർശനം പ്രമാണിച്ച് സുരക്ഷ ശക്തമാക്കി കേന്ദ്രസേന ഉൾപ്പെടെയുള്ള വിവിധ വിഭാഗങ്ങൾ. പമ്പ- ശബരിമല പാതയിൽ അപകടഭീഷണിയായി നിന്നിരുന്ന വൃക്ഷങ്ങൾ മുറിച്ചു മാറ്റി. ചിത്തിര ആട്ടപൂജകൾ നാളെ നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി ശ്രീധർ...**

**(വോയിസ്)**

RNUTVPM

**&&&&&&&&&&&&&&&&**

<u>കണ്ണൂർ- മുഖ്യമന്ത്രി</u>

സി.പി.ഐ എം കണ്ണൂർ ജില്ലാ കമ്മിറ്റി ഓഫീസ് ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സിപിഐഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ അധ്യക്ഷനാകും. 15 കോടിയോളം രൂപ ചെലവഴിച്ച് 20 മാസം കൊണ്ടാണ് അഞ്ച് നിലയിലുള്ള കെട്ടിടം നിർമ്മിച്ചത്. ഉദ്ഘാടനത്തോടനുബന്ധിച്ചുള്ള പൊതുയോഗം കണ്ണൂർ കലക്ടറേറ്റ് മൈതാനിയിൽ നടക്കും. ബസ്സുകൾ ഒഴികെയുള്ള

വാഹന ഗതാഗതത്തിന് നഗരത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

**&&&&&&&&&&&&&&&&**

**മന്ത്രി പി എ മുഹമ്മദ് റിയാസ്**

മലപ്പുറം ജില്ലയിലെ വിവിധ നിയമസഭാ മണ്ഡലങ്ങളിലായി, 77 കോടിയോളം രൂപയുടെ പദ്ധതികൾക്ക് ഇന്ന് തുടക്കം കുറിക്കും. പൊതുമരാമത്ത്, ടൂറിസം വകുപ്പുകളുടെ പൂർത്തീകരിച്ചതും പ്രവൃത്തി ആരംഭിക്കുന്നതുമായ വിവിധ പദ്ധതികളാണ് ജില്ലയിൽ ഉദ്ഘാടനം ചെയ്യുന്നതെന്നു മന്ത്രി പി എ മുഹമ്മദ് റിയാസ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

PRJ TVPM

**&&&&&&&&&&&&&&&&**

**ഒ.പി ബഹിഷ്കരണം**

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മെഡിക്കൽ കോളേജ് ഡോക്ടർമാർ നടത്തുന്ന ഒ.പി ബഹിഷ്കരണം തിരുവനന്തപുരം മെഡിക്കൽ കോളേജിലും തുടരുന്നു. ഒ പിയോടൊപ്പം അദ്ധ്യയനവും ബഹിഷ്കരിക്കുകയാണ്. കേരള ഗവ. മെഡിക്കൽ കോളജ് ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിലാണ് ഒ.പി ബഹിഷ്കരണം. എന്നാൽ അത്യാഹിതവിഭാഗത്തിലും വാർഡുകളിലും സീനിയർ ഡോക്ടർമാർ ഒഴികെയുള്ള ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ട് . ശസ്ത്രക്രിയകൾക്ക് തടസ്സമില്ല. നിരന്തരമുള്ള സ്ഥലം മാറ്റത്തിൽ പ്രതിഷേധിച്ചും ശമ്പളത്തിലെയും മറ്റ് ആനുകൂല്യങ്ങളിലെയും അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുമാണ് പ്രതിഷേധം. ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ ഈ മാസം 28

മുതൽ റിലേ സമരം നടത്തുമെന്ന് അസോസിയേഷൻ അറിയിച്ചു.

&&&&&&&&&&&&&&&&

**<u>മഴ- കേരളം</u>**

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർകോട് ഒഴികെയുള്ള മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 23 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്. ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നവർ നാളെ രാവിലെയോടെ തീരത്തേക്ക് മടങ്ങണമെന്ന് നിർദ്ദേശമുണ്ട്. വിവിധ അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തിയതിനാൽ നദീ തീരത്തുള്ളവർ ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&

**<u>കാസർഗോഡ് ആട് ഫാം- ഇൻട്രോ</u>**

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏറ്റവും വലിയ ഹൈടെക് ആട് ഫാം, കാസർകോട് ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കല്ലളിയിൽ സജ്ജമാകുന്നു. ഈമാസം 30ന് മന്ത്രി ജെ ചിഞ്ചുറാണി ഹൈടെക് ഫാം ഉദ്ഘാടനംചെയ്യും.

**വിശദാംശങ്ങളുമായി ആകാശവാണി കാസർകോഡ് ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.......**

**വോയ്സ്.....**

&&&&&&&&&&&&&&&&

<u>സ്കൂൾ കായിക മേള</u>

അറുപത്തി ഏഴാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. വൈകുന്നേരം 4 മണിക്ക് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ഈ മാസം 28 വരെയാണ് ഒളിമ്പിക്സ് മാതൃകയിലുള്ള രണ്ടാമത് കായികമേള സംഘടിപ്പിക്കുന്നത്. 12 വേദികളിലായാണ് കായിക മത്സരങ്ങൾ നടക്കുന്നത്. ഇരുപതിനായിരത്തിലധികം താരങ്ങൾ പങ്കെടുക്കും. രണ്ടായിരത്തോളം വോളന്റിയേഴ്സും മേളയുടെ ഭാഗമാകും.

PRD TVPM

&&&&&&&&&&&&&&&&

<u>കൂട്ടയോട്ടം- വി ശിവൻകുട്ടി</u>

67 ആമത് സംസ്ഥാന സ്കൂൾ കായികമേളയുടെ പ്രചരണാർത്ഥം തിരുവനന്തപുരം നഗരത്തിൽ ഉദ്യോഗസ്ഥരുടെ കൂട്ടയോട്ടം സംഘടിപ്പിച്ചു. മാനവീയം വീഥിയിൽ നടന്ന കൂട്ടയോട്ടം മന്ത്രി വി ശിവൻകുട്ടി ഫ്ലാഗ് ഓഫ് ചെയ്തു. കൂട്ടയോട്ടത്തിൽ പ്രമുഖ കായിക താരങ്ങൾ പങ്കെടുത്തു.

&&&&&&&&&&&&&&&&

<u>വനിതാ ക്രിക്കറ്റ്</u>

വനിതാ ഏകദിന ലോകകപ്പിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ശ്രീലങ്ക ബംഗ്ലാദേശിനെ നേരിടും. വൈകിട്ട് 3 മണിക്ക് നവി മുംബൈയിലെ ഡോ. ഡി.വൈ. പാട്ടീൽ സ്പോർട്സ് അക്കാദമിയിലാണ് പോരാട്ടം. ഇന്നലെ നടന്ന മത്സരത്തിൽ

ഇന്ത്യയെ പരാജയപ്പെടുത്തി ഇംഗ്ലണ്ട് സെമിഫൈനലിൽ കടന്നു. വ്യാഴാഴ്ച ന്യൂസിലൻഡിനെതിരെ നടക്കുന്ന നിർണായക മത്സരം ജയിച്ചാൽ മാത്രമേ ഇന്ത്യക്ക് സെമി പ്രതീക്ഷ നിലനിർത്താനാവൂ.

&&&&&&&&&&&&&&&&

<u>**കളിക്കളം**</u>

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ സംസ്ഥാനതല കായിക മേളയായ കളിക്കളം ഇന്ന് സമാപിക്കും. വൈകുന്നേരം കാര്യവട്ടം എൽ എൻ സി പി ഇ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന സമ്മേളനം മന്ത്രി ഒ. ആർ. കേളു ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിന്നും 120 പ്രീമെട്രിക് ഹോസ്റ്റലുകളിൽനിന്നുമായി 1500 കുട്ടികളാണ് വിവിധ ഇനങ്ങളിൽ മത്സരിക്കുന്നത്. മേളയിൽ, 225 പോയിന്റോടെ വയനാട് ജില്ല ആധിപത്യം തുടരുകയാണ്. 54 പോയിൻ്റ് നേടിയ കണ്ണൂരാണ് രണ്ടാമത്.

RNU TVPM

&&&&&&&&&&&&&&&&

<u>**ദേവകിയമ്മ- മരണം**</u>

മുൻ പ്രതിപക്ഷ നേതാവും കോൺഗ്രസ് വർക്കിങ് കമ്മിറ്റി അംഗവുമായ രമേശ് ചെന്നിത്തലയുടെ മാതാവ് എൻ. ദേവകിയമ്മ അന്തരിച്ചു. 91 വയസായിരുന്നു. സംസ്കാരം നാളെ ഉച്ചക്ക് 12 മണിക്ക് ചെന്നിത്തലയിലെ കുടുംബവീട്ടിൽ നടക്കും.

&&&&&&&&&&&&&&&&

ഓഹരി - സ്വർണ്ണം

ഓഹരിവിപണിയിൽ മുന്നേറ്റം. സെൻസെക്സ് 586 പോയിന്റ് ഉയർന്ന് 84,549 ലും, നിഫ്റ്റി 170 പോയിന്റ് മുന്നേറി 25,883 ലുമാണ് വ്യാപാരം തുടരുന്നത്. സ്വർണവിലയിൽ ഇന്ന് നേരിയ കുറവ്. പവന് 120 രൂപ കുറഞ്ഞ് 95,840 രൂപയിലാണ് വ്യാപാരം. ഗ്രാമിന് 11,980 രൂപ.

&&&&&&&&&&&&&&&&

മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26-ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി മൊബൈൽ ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

RNU TVPM

&&&&&&&&&&&&&&&&

മണ്ണാറശ്ശാല പുരസ്കാരം

മണ്ണാറശാല നാഗരാജ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കലാനിലയം രാഘവൻ, കലാമണ്ഡലം ചന്ദ്രിക മേനോൻ, വി.വി. സുബ്രഹ്മണ്യൻ, കുറൂർ വാസുദേവൻ നമ്പൂതിരി എന്നിവർക്കാണ് പുരസ്കാരം. ആയില്യം ഉത്സവത്തിന്

മുന്നോടിയായി അടുത്ത മാസം 10ന് പുരസ്കാരങ്ങൾ സമ്മാനിക്കും.

&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNU TVPM